# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5032. 28-10-2016 ൽ മറുപടിയ്ക്ക്

## കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ്

**ചോദ്യം**
ശ്രീ.പി.സി. ജോർജ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുമെന്ന് പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടംവരെയായി എന്ന് വിവരിയ്ക്കുമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എം.എസ്.എ. (നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ) എന്ന പദ്ധതിയിൻ കീഴിൽ "സോയിൽ ഹെൽത്ത് കാർഡ് സ്കീം" ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1,27,585 മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതു മൂലം കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | മണ്ണ് സാമ്പിൾ പരിശോധിച്ച് പ്രാഥമിക മൂലകങ്ങളായ എൻ.പി.കെ., ദ്വിതീയ മൂലകമായ സൾഫർ, സൂക്ഷ്മ മൂലകങ്ങൾ, അമ്ലത്വം, ലവണങ്ങളുടെ അളവ് എന്നിവ ഉൾപ്പെടെ 11 ഘടകങ്ങളുടെ അളവ് രേഖപ്പെടുത്തിയ കാർഡ് കർഷകന് നൽകുന്നു. ഇതനുസരിച്ച് കൃഷിക്കാരന് സ്വന്തം ഭൂമിയിൽ അടങ്ങിയിരിക്കുന്ന പോഷകങ്ങളുടെ അളവ് അനുസരിച്ച് ചേർക്കേണ്ട കുമ്മായം, ജൈവവളം, രാസവളം എന്നിവയുടെ കൃത്യമായ ശുപാർശയും നൽകുന്നു. |

സെക്ഷൻ ഓഫീസർ